ഗുരുമാർഗം

ഇന്ദ്രിയങ്ങളെ പാട്ടിലാക്കി ശമസുഖം അനുഭവിക്കുന്നവനും മംഗളസ്വരൂപിയായ ശിവന്റെ പുത്രനും മറ്റൊരാശ്രയത്തോട് കൂടാത്തവനും എന്നാൽ ജഗത്തിനു മുഴുവൻ ആശ്രയമായിട്ടുള്ളവനുമായ സുബ്രഹ്മണ്യനെ നമസ്കരിച്ച് ഉപാസിക്കുവിൻ.



തിരുവാതിര 38 - 53
ചതുർദ്ദശി 13 - 51
1940 ആഷാഢം 21
1439 ശവ്വാൽ 28
1193 മിഥുനം 28

വേഗം എത്തട്ടെ 'ശബരി' വെള്ളം

ജലസമൃദ്ധമായ കേരളത്തിൽ കുപ്പിവെള്ളക്കച്ചവടം വൻവ്യവസായമായി മാറിയിട്ട് കാലമേറെയായി. ഇരുപത് രൂപയ്ക്ക് അരലിറ്റർ പാൽ ലഭിക്കുമ്പോൾ ഒരുകുപ്പി വെള്ളത്തിനും അതേ വിലതന്നെ നൽകേണ്ടിവരുന്നു. മലയാളികൾക്ക് മറ്റുപലതുമെന്ന പോലെ കുപ്പിവെള്ളവും അവശ്യവസ്തുവാണിന്ന്. വിപണിയിൽ ലഭിക്കുന്ന കുപ്പിവെള്ളം പലതും അത്ര ശുദ്ധമൊന്നുമല്ലെങ്കിലും ലേബലൊട്ടിച്ച എന്തും വിശ്വാസപൂർവം വാങ്ങി ഉപയോഗിക്കുന്നവരാണ് മലയാളികൾ. കുപ്പിവെള്ള വില്പനയ്ക്ക് പിന്നിൽ നടക്കുന്ന തട്ടിപ്പും വെട്ടിപ്പുമൊക്കെ സർക്കാരിനും അറിയാം. അതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നേരിട്ട് കുപ്പിവെള്ളം ലഭ്യമാക്കുന്നതിനെക്കുറിച്ച് ആലോചന തുടങ്ങിയത്. അങ്ങനെയാണ് ആറുവർഷംമുൻപ് പത്തനാപുരത്ത് വനവികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കുപ്പിവെള്ള ഉത്പാദനം തുടങ്ങാൻ ഒരുക്കങ്ങൾ നടത്തിയത്. ഇതിനായി കെട്ടിടം കെട്ടുകയും പ്ലാന്റിനാവശ്യമായ സജ്ജീകരണങ്ങളൊക്കെ ഏർപ്പെടുത്തുകയും ചെയ്തു. അപ്പോഴാണ് വനനിയമം തലപൊക്കിയത്. വനത്തിനുള്ളിൽ ഇതുപോലുള്ള സംരംഭങ്ങൾക്ക് പരിസ്ഥിതി അനുമതി നിർബന്ധമാണ്. അനുവാദം വാങ്ങാതെയാണ് കുപ്പിവെള്ള ഉത്പാദന യൂണിറ്റിന് ശ്രമം നടന്നത്. അക്കാരണത്താൽ പദ്ധതി തുടങ്ങിയിടത്തു തന്നെ കിടപ്പായി. കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി പരിസ്ഥിതി വകുപ്പിൽനിന്ന് അനുമതി നേടിയെടുക്കാവുന്നതേ ഉണ്ടായിരുന്നുള്ളൂ. പ്ലാന്റ് തുടങ്ങാൻ ഉത്സാഹം കാണിച്ചവർ എന്തുകൊണ്ടോ അതിനൊന്നുമുതിർന്നില്ല. 58 ലക്ഷം രൂപയാണ് കുപ്പിവെള്ള ഉത്പാദന യൂണിറ്റിനായി വനം വികസന കോർപ്പറേഷൻ കാട്ടിനുള്ളിൽ മുടക്കിയത്. വമ്പൻ പദ്ധതികൾ പോലും സംസ്ഥാനത്ത് അവിടവിടെയായി ഇതുപോലെ മുടങ്ങിക്കിടക്കുന്നതുകൊണ്ടാവാം കുപ്പിവെള്ള പ്ലാന്റിന്റെ ദുരവസ്ഥ ജനശ്രദ്ധയിൽ പെട്ടതുമില്ല.

പരിസ്ഥിതി അനുമതിയുടെ പേരിൽ നിലച്ചുപോയ 'ശബരി' കുപ്പിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമവുമായി വനം കോർപ്പറേഷൻ രംഗത്തുവന്നതാണ് പ്രത്യാശയുടെ പ്രകാശം പരത്തുന്നത്. പത്തുരൂപയ്ക്ക് വെള്ളം ലഭ്യമാക്കാനാണ് ആലോചന. ഇത് സാദ്ധ്യമായാൽ ഗുണം രണ്ടാണ്. ഏറ്റവും ശുദ്ധമായ വെള്ളം ഉപഭോക്താക്കൾക്ക് ലഭിക്കും. രണ്ടാമത്തെ നേട്ടം വിലക്കുറവാണ്

ഭക്ഷ്യസുരക്ഷാവിഭാഗം ഈയിടെ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ വിപണിയിൽ വില്പനയ്ക്ക് വച്ചിട്ടുള്ള പല കുപ്പിവെള്ളത്തിനും വേണ്ടത്ര ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിരുന്നു. പ്രധാനമായും കോളിഫോം ബാക്ടീരിയയുടെ അമിത സാന്നിദ്ധ്യം പ്രകടമായിരുന്നു. മറ്റ് മാലിന്യങ്ങളുടെ സാന്നിദ്ധ്യമുള്ള വെള്ളവും വ്യാപകമായി വിറ്റഴിക്കപ്പെടുന്ന ബ്രാൻഡുകളിൽ കാണപ്പെട്ടു. പരിശുദ്ധമെന്ന വിശ്വാസത്തിൽ ഇതൊക്കെ ജനങ്ങൾ അമിതവില നൽകി വാങ്ങിക്കുടിച്ചുകൊണ്ടിരിക്കുകയാണ്. കുപ്പിവെള്ള കച്ചവടത്തിലെ കൊടിയ ചൂഷണത്തിന്റെ വെളിച്ചത്തിലാണ് വാട്ടർ അതോറിട്ടി ഈ രംഗത്തിറങ്ങാൻ തയ്യാറെടുത്തത്. സർക്കാരിന്റെ ഈ സംരംഭവും എന്തുകൊണ്ടോ നിന്നിടത്തുതന്നെ നിന്നുപോവുകയായിരുന്നു. സർക്കാരിന്റെ കുപ്പിവെള്ളം 13 രൂപയ്ക്ക് ലഭ്യമാകുമെന്നായിരുന്നു വീരവാദം. കുപ്പിവെള്ളക്കമ്പനികൾക്ക് ബിസിനസ് തന്ത്രങ്ങൾ നന്നായി അറിയാവുന്നതുകൊണ്ട് സർക്കാർ നീക്കം മുളയിലേ നുള്ളാൻ അവർക്ക് അനായാസം കഴിഞ്ഞു.

പരിസ്ഥിതി അനുമതിയുടെ പേരിൽ നിലച്ചുപോയ 'ശബരി' കുപ്പിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമവുമായി വനം കോർപ്പറേഷൻ രംഗത്തുവന്നതാണ് പ്രത്യാശയുടെ പ്രകാശം പരത്തുന്നത്. പത്തുരൂപയ്ക്ക് വെള്ളം ലഭ്യമാക്കാനാണ് ആലോചന. ഇത് സാദ്ധ്യമായാൽ ഗുണം രണ്ടാണ്. ഏറ്റവും ശുദ്ധമായ വെള്ളം ഉപഭോക്താക്കൾക്ക് ലഭിക്കും. രണ്ടാമത്തെ നേട്ടം വിലക്കുറവാണ്. പതിനഞ്ചും ഇരുപതും രൂപയാണ് ഇപ്പോൾ വിപണിയിൽ ലഭിക്കുന്ന വിവിധയിനം കുപ്പിവെള്ളത്തിന്. സാധാരണ കുപ്പിവെള്ളത്തെ അപേക്ഷിച്ച് 'ശബരി' വെള്ളത്തിന് ഗുണം അധികമായിരിക്കും. വനത്തിലാണ് വെള്ളം ശേഖരിക്കാനുള്ള കിണറുള്ളതെന്നതിനാൽ ഔഷധമൂല്യം കൂടുതലായിരിക്കും. മാലിന്യങ്ങളും പരമാവധി കുറവായിരിക്കും. പല കമ്പനികളുടെയും കുപ്പിവെള്ളത്തിൽ കാണുന്ന കോളിഫോം ബാക്ടീരിയയുടെ അമിത സാന്നിദ്ധ്യവും ഒഴിവാകും. പ്ലാന്റ് തുടങ്ങാൻ ആവശ്യമായ കേന്ദ്രാനുമതി ലഭ്യമാക്കാനുള്ള സത്വര നടപടികളാണ് ഇനി വേണ്ടത്.

കുപ്പിവെള്ളക്കച്ചവടത്തിൽ വിതരണ കമ്പനികളാണ് വൻലാഭം കൊയ്യുന്നത്. ഒരു കുപ്പിവെള്ളത്തിന് എട്ടുരൂപയോളമാണ് അവർ നേടുന്നത്. ഈ ചൂഷണം ശ്രദ്ധയിൽപ്പെട്ടതോടെയാണ് കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കാൻ സർക്കാർ ഇടപെട്ടത്. അങ്ങനെയാണ് 12 രൂപയ്ക്ക് വിൽക്കാനും തങ്ങൾ ഒരുക്കമാണെന്ന് കമ്പനികൾ നിലപാടെടുത്തത്. ചർച്ചകളിൽ അത് 13 രൂപയാക്കാൻ സർക്കാരും സമ്മതിച്ചെങ്കിലും തീരുമാനം ഇതുവരെ നടപ്പായില്ല. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്തവയാണ് വിപണിയിൽ ലഭിക്കുന്ന കുപ്പിവെള്ളത്തിൽ പലതും. പുറത്ത് ആകർഷകമായ ലേബൽ പതിച്ചുകഴിഞ്ഞാൽ ജനവിശ്വാസം എളുപ്പത്തിൽ പിടിച്ചുപറ്റാം. ഭക്ഷ്യസുരക്ഷാ വിഭാഗമാണ് ഇത്തരം ക്രമക്കേടുകൾ കണ്ടുപിടിക്കാൻ. വാട്ടർ അതോറിട്ടി വിതരണം ചെയ്യുന്ന വെള്ളത്തിൽ പോലും വിശ്വാസം കുറഞ്ഞുവരുന്ന പശ്ചാത്തലത്തിൽ കുപ്പിവെള്ളത്തിന്റെ ഡിമാൻഡ് വർദ്ധിക്കുമെന്നത് തീർച്ചയാണ്. ജനങ്ങൾ വ്യാപകമായി വാങ്ങിക്കുടിക്കുന്ന കുപ്പിവെള്ളം മാലിന്യമുക്തമെന്ന് ഉറപ്പുവരുത്താൻ കഴിയണം. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഉത്പാദിപ്പിക്കുന്ന കുപ്പിവെള്ളത്തെ പൂർണമായും വിശ്വസിക്കാമെന്നതിനാൽ 'ശബരി' പുറത്തുവരേണ്ടത് നാടിന്റെ ആവശ്യമാണ്. ഒരിക്കൽ മുടങ്ങിപ്പോയ പദ്ധതി തടസ്സങ്ങളെല്ലാം നീക്കി എത്രയും വേഗം പുനരാരംഭിക്കുകയാണ് വേണ്ടത്.

മിസ്ഡ് കോൾ തട്ടിപ്പുകളുടെ ഉള്ളറകൾ

ഡോ.പി.വിനോദ്ഭട്ടതിരിപ്പാട്



പരിചയമില്ലാത്ത നമ്പറിൽ നിന്ന് മിസ്ഡ് കാൾ കണ്ടാൽ തിരിച്ചു വിളിക്കരുത് എന്നാണ് പ്രമാണം. തിരിച്ചുവിളിച്ച പലർക്കും ധനനഷ്ടം, ലോക്കപ്പ് വാസം, ജയിൽവാസം, മാനഹാനി തുടങ്ങിയവ നേരിടേണ്ടതായി വന്നിട്ടുണ്ട്.

മിസ്ഡ് കാൾ തിരിച്ചു വിളിച്ച് മലപ്പുറം ജില്ലയിലെ തിരൂർ സ്വദേശിയായ ഒരു യുവാവിന് പിന്നീട് ഒരു പകൽ മുഴുവനും പൊലീസിന്റെ ചോദ്യം ചെയ്യൽ നേരിടേണ്ടതായി വന്നു. കാരണം, മിസ്ഡ് കാൾ വന്നത് പൊലീസ് അന്വേഷിക്കുന്ന ഒരു പെൺവാണിഭക്കാരനിൽ നിന്നായിരുന്നു. ഫലം ലോക്കപ്പ് വാസവും മാനഹാനിയും. ബൊളീവിയയിൽ നിന്ന് കഴിഞ്ഞയാഴ്ച നിരവധി ഇന്ത്യക്കാരുടെ മൊബൈലിലേക്ക് വന്ന മിസ്ഡ് കാളുകൾ തിരിച്ചു വിളിച്ചവർക്ക് പണമാണ് പോയത്.

മിസ്ഡ് കാൾ തിരിച്ച് വിളിക്കാതിരിക്കുന്നതെങ്ങനെ എന്ന ചോദ്യം പ്രസക്തമാണ്. പരിചയമില്ലാത്ത നമ്പറിൽ നിന്നുള്ള മിസ്ഡ് കാളുകളിൽ ചിലതൊക്കെ പരിചയമുള്ളവരിൽ നിന്നായിരിക്കാമല്ലോ. അവശ്യത്തിനോ അത്യാവശ്യത്തിനോ ഒക്കെയായിരിക്കും അവർ വിളിക്കുന്നത്. പലപ്പോഴും നമ്മുടെ തന്നെ നല്ലതിന് വേണ്ടിയായിരിക്കും അവർ വിളിക്കുന്നത്. എങ്കിലും മിസ്ഡ് കാൾ തിരിച്ചു വിളിക്കുന്നതിൽ ഒരു റിസ്ക്കുണ്ട്. അതിനാലാണ് തിരിച്ചു വിളിക്കരുത് എന്ന പ്രമാണം ജീവിതത്തിന്റെ ഭാഗമാക്കാൻ നിർദേശിക്കുന്നത്. വർഷങ്ങളായി നിരവധി ലേഖനങ്ങളിലൂടെയും ടിവി- റേഡിയോ പരിപാടികളിലൂടെയും വിദഗ്ദ്ധർ ഈ പ്രമാണം ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടേയിരിക്കുന്നുണ്ടെങ്കിലും ഇത്തരം തട്ടിപ്പുകളുടെ എണ്ണവും അവയിലെ ഇരകളുടെ എണ്ണവും കൂടികൊണ്ടേയിരിക്കുന്നു.

കഴിഞ്ഞയാഴ്ചത്തെ ബൊളീവിയൻ മിസ്ഡ് കാളുകൾ അത്തരം തട്ടിപ്പുകളുടെ ഏറ്റവും പുതിയ ഉദാഹരണം മാത്രം. വിദേശ രാജ്യങ്ങളിൽ നിന്ന് വരുന്ന ഇത്തരം മിസ്ഡ് കാളുകൾ തിരിച്ച് വിളിക്കാൻ ഫോണിൽ ഐ. എസ്. ഡി സംവിധാനം ആവശ്യമാണ് എന്ന് എടുത്ത് പറയേണ്ട കാര്യമില്ല. ഫോണിൽ ആ സംവിധാനമില്ലാത്ത അല്ലെങ്കിൽ, വല്ലപ്പോഴും മാത്രം അവശ്യമായി വരുന്ന, ആ സംവിധാനം തത്കാലം ബ്ലോക്ക് ചെയ്തു വച്ച ചിലർ തിരിച്ചു വിളിച്ചെങ്കിലും ആ കാളുകളൊന്നും പോയില്ല എന്നതിനാൽ പണവും പോയില്ല. അല്ലാത്തവർക്കാണ് പണം നഷ്ടപ്പെട്ടത്. പണം മാത്രമല്ല, ഫോണിലെ പല വിവരങ്ങളും നഷ്ടപ്പെട്ടിട്ടുണ്ടാകും. ഇങ്ങനെ നഷ്ടപ്പെടുന്ന വിവരങ്ങളാണ് പലവഴി താണ്ടി ട്രൂകോളർ പോലുള്ള ആപ്പുകളുടെ നിർമാതാക്കളിലും ഓൺലൈൻ ബാങ്ക് തട്ടിപ്പുകാരിലുമൊക്കെയെത്തുന്നത്. ട്രൂകോളർ പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് നമ്മളിൽ പലരും പരിചയമില്ലാത്ത നമ്പറുകളുടെ വിവരങ്ങൾ സൗജന്യമായി ശേഖരിക്കാറുണ്ടല്ലോ. ആ വിവരങ്ങൾ ഇത്തരം തട്ടിപ്പുകൾ വഴി ശേഖരിക്കപ്പെട്ടിട്ടുള്ളവയാണ്. തിരിച്ചു വിളിച്ചവർക്ക് എന്തൊക്കെ വിവരങ്ങൾ പോയി എന്നും പുറത്തുള്ള ആർക്കൊക്കെ അവ ലഭ്യമായി എന്നൊക്കെയറിയാൻ കാത്തിരിക്കുകയേ വഴിയുള്ളൂ. പല രൂപത്തിലുള്ള ഓൺലൈൻ തട്ടിപ്പുകൾക്ക് ഭാവിയിൽ ഇരയാകുമ്പോൾ അത് തീരുമാനമാകും. ഓൺലൈൻ തട്ടിപ്പുകളുടെ ഭാഗമായി ഫോൺവിളികൾ വരുമ്പോൾ കൂടുതൽ വിവരങ്ങളൊന്നും കൊടുക്കാതിരിക്കുക എന്നതു മാത്രമാണ് ഇനി അവർക്ക് ചെയ്യാനുള്ളത്. പാസ്‌വേഡുകൾ മാറ്റുക എന്നതും ഒരു കരുതൽ നടപടിയാണ്.

നമ്മുടെ ശ്രദ്ധക്കുറവു മാത്രമല്ല ഇന്ത്യയിലെ ഏതാനും ടെലികോം കമ്പനികളുടെ തെറ്റായ ചില നയങ്ങളുമാണ് ഇത്തരം തട്ടിപ്പുകൾ വ്യാപകമാകാൻ കാരണം. അത്തരം നയങ്ങളിൽ ഒന്നിനെ ഒരുദാഹരണം നിരത്തി ഇങ്ങനെ ലളിതമായി വിവരിയ്ക്കാം:

നിങ്ങൾ പ്രീ- പെയ്ഡ് സിം കാർഡ് ആണ് ഉപയോഗിക്കുന്നതെന്ന് കരുതുക. അത് നൽകിയ ടെലികോം കമ്പനി ഉപഭോക്താക്കൾക്കായി ഒരുക്കിയ പല പെയ്മെന്റ് പ്ലാനുകളിൽ നിങ്ങൾക്ക് ലാഭകരമെന്ന് തോന്നുന്ന ഒരു പ്ലാനാകും നിങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത്. എന്നാൽ, നിങ്ങൾക്ക് അതീവനഷ്ടവും അവർക്ക് വൻലാഭകരവുമായ ചില പ്ലാനുകളും അവർക്കുണ്ടാകും. ഉദാഹരണത്തിന്, മിനിട്ടിന് ഇരുനൂറു രൂപ എന്ന നിരക്ക്. നിങ്ങൾ അത്തരം പ്ലാനുകൾ എടുക്കില്ല. നിങ്ങളെക്കൊണ്ട് അത്തരം പ്ലാനുകൾ എടുപ്പിക്കാൻ അവർക്കാകില്ലതാനും. ഇതറിയാവുന്ന ചില സ്വകാര്യ ഏജൻസികൾ ഈ പ്ലാനുകൾ അനുസരിച്ചുള്ള ഏതാനും സിം കാർഡുകൾ എടുക്കുന്നു. ഒരു വ്യവസ്ഥയിൽ. ആ നമ്പറുകളിലേക്ക് അവർ നിങ്ങളെ കൊണ്ട് വിളിപ്പിക്കുന്ന കാളുകൾക്ക് കമ്പനി അവർക്ക് കമ്മിഷൻ കൊടുക്കണം. ഉദാഹരണത്തിന് ഒരാളെ കൊണ്ട് ഒരു മിനിട്ട് വിളിപ്പിച്ച് ഇരുനൂറു രൂപ കമ്പനി നിങ്ങളുടെ ബാലൻസിൽ നിന്ന് എടുക്കുമ്പോൾ അതിന്റെ കമ്മിഷനായി അമ്പത് രൂപ ഏജൻസിക്ക് കമ്പനി കൊടുക്കണം. പണമുണ്ടാക്കാനായി എല്ലാ കമ്പനികളും ഇങ്ങനെ ചെയ്യുന്നുണ്ട് എന്ന് പറയാനാകില്ലെങ്കിലും ചില ടെലികോം കമ്പനികൾ ഇതു പോലത്തെ പല പ്ലാനുകളും ഉണ്ടാക്കി നിലനിർത്തുന്നുണ്ട്.

കരാർ ഉറപ്പിച്ചാൽ ഈ ഏജൻസികൾ ഈ സിം കാർഡുകളെ ഒരു സർവീസുമായി ബന്ധിപ്പിക്കുന്നു. ഉദാഹരണത്തിന് ചിലർ ഈ സിം കാർഡുകളെ പാട്ടുകളുമായി ബന്ധിപ്പിക്കുന്നു. അതായത്, നിങ്ങൾ ഈ സിം കാർഡുകളിലൊന്നിലേക്ക് വിളിച്ചാൽ നിങ്ങൾക്ക് ഒരു പാട്ടു കേൾക്കാം.

ഇനി, ഇങ്ങനെ പാട്ടുകേൾക്കാനുള്ള ഒരു സംവിധാനം ഉണ്ടെന്ന് നിങ്ങളെ ഈ ഏജൻസി എങ്ങനെ അറിയിക്കും? അതിനാണ് ആ നമ്പറിൽ നിന്ന് നിങ്ങൾക്കൊരു മിസ്ഡ് കാൾ തരുന്നത്. അതിലേക്ക് തിരിച്ചു വിളിച്ചാൽ പാട്ടു കേൾക്കാം.

പക്ഷെ, പാട്ട് കേട്ട് കഴിയുമ്പോഴേക്കും മിനിറ്റൊന്നിന് ഇരുനൂറു രൂപ വെച്ച് നിങ്ങളുടെ പ്രീ- പെയ്ഡ് ബാലൻസിൽ നിന്ന് നഷ്ടപ്പെട്ടിട്ടുണ്ടാകും. ആദ്യ മിനിട്ടിൽത്തന്നെ നിങ്ങൾ കാൾ കട്ട് ചെയ്താലും ഇരുനൂറു രൂപ തീർച്ചയായും പോകും. എല്ലാ പ്ലാനുകളിലും ഇരുനൂറു രൂപ തന്നെയായിക്കൊള്ളണമെന്നില്ല. അതു പോലെ, എല്ലാ പ്ലാനുകളിലും പാട്ടുകൾ തന്നെയായിക്കൊള്ളണമെന്നില്ല. ഒന്നും കേട്ടില്ലെങ്കിലും പണം പോയവരുണ്ട്. ഈ പണം എവിടുന്ന് എങ്ങോട്ടാണ് പോകുന്നത്? നിങ്ങളുടെ പ്രീ- പെയ്ഡ് ബാലൻസ് എന്ന പണം സൂക്ഷിക്കുന്നത് നിങ്ങൾക്ക് സിം കാർഡ് തന്ന കമ്പനി തന്നെയാണല്ലോ. അപ്പോൾ പണം അവിടെ നിന്ന് മാത്രമേ പോകൂ. അതായത്, നിങ്ങളുടെ സിം കാർഡ് തന്ന കമ്പനിയറിയാതെ നിങ്ങളുടെ പണം തട്ടിപ്പ് നടത്തുന്ന ഏജൻസിയുടെ അക്കൗണ്ടിലെത്തില്ല.

ചുരുക്കിപ്പറഞ്ഞാൽ, കൂടുതൽ ലാഭമുണ്ടാക്കാനുള്ള ത്വരയിൽ കമ്പനികൾ ഇത്തരം പ്ലാനുകളിറക്കുന്നു. കമ്മിഷനടിക്കാനുള്ള ത്വരയിൽ ഏജൻസികൾ ആ പ്ലാനുകൾ നടപ്പാക്കി മിസ്ഡ് കാളുകളിടുന്നു. ഈ മിസ്ഡ് കാൾ നമ്മൾക്ക് ഗുണമുള്ളതു വല്ലതുമാണോ എന്ന ശങ്കയിൽ ദുരാഗ്രഹത്തോടെ എന്ന് പറയുന്നില്ല നമ്മൾ ആ നമ്പറിലേക്ക് തിരിച്ചു വിളിക്കുന്നു. പണം നമ്മളറിയാതെ പോകുന്നു.

ഇനി ഇത്തരം തട്ടിപ്പുകൾ വഴി ഇന്ത്യക്കാരുടെ എത്ര പണം പോയിട്ടുണ്ടാകും എന്ന് നോക്കാം. ഇന്ത്യയിൽ നൂറു കോടി സിം കാർഡുകൾ ഉണ്ടെന്നും അതിൽ എഴുപതു കോടിയോളം സ്ഥിരമായി ഉപയോഗിക്കപ്പെടുന്നു എന്നുമാണ് ഒരേകദേശ കണക്ക്. ഈ എഴുപതു കോടിയിൽ പകുതി, അതായത്, മുപ്പത്തിയഞ്ച് കോടി സിം കാർഡുകളിലേക്ക് ഒരു വർഷം ഇത്തരം മിസ്ഡ് കാളുകൾ വന്നു എന്ന് കരുതുക. അതിൽ കാൽ ഭാഗം, അതായത് ഏകദേശം ഒമ്പതു കോടി പേർ തിരിച്ച് വിളിച്ചു എന്നും കരുതുക. മിനിട്ടിന് ഇരുനൂറു രൂപ എന്ന നിരക്കാണ് കമ്പനി ഈടാക്കുന്നതെന്നും അതിൽ അമ്പതു രൂപ ഏജൻസിക്ക് കമ്മിഷനായി കമ്പനി കൊടുക്കേണ്ടതുണ്ടെന്നും കരുതുക. ഈ ഒമ്പതു കോടി കോളുകളിൽ നിന്ന് 1800 കോടി രൂപ കമ്പനികൾക്ക് ഒരു വർഷം കിട്ടുമെന്നും അതിൽ നിന്ന് 450 കോടി രൂപ ഏജൻസികൾക്ക് കമ്മിഷനായി കമ്പനികൾ കൊടുക്കേണ്ടതാണെന്നും കാണുന്നുണ്ടല്ലോ. സാധാരണക്കാരന്റെ പ്രീ- പെയ്ഡ് ബാലൻസിൽ നിന്ന് കൈയിട്ടു വാരി കിട്ടിയ ഈ സംഖ്യ ഒരു ഊഹസംഖ്യ മാത്രമാണ്. യഥാർത്ഥത്തിൽ സംഖ്യ ഇതിലും വലുതാകാം.

നിങ്ങളുടെ പ്രീ- പെയ്ഡ് ബാലൻസ് എന്ന പണം സൂക്ഷിക്കുന്നത് നിങ്ങൾക്ക് സിം കാർഡ് തന്ന കമ്പനി തന്നെയാണല്ലോ. അപ്പോൾ പണം അവിടെ നിന്ന് മാത്രമേ പോകൂ. അതായത്, നിങ്ങളുടെ സിം കാർഡ് തന്ന കമ്പനിയറിയാതെ നിങ്ങളുടെ പണം തട്ടിപ്പ് നടത്തുന്ന ഏജൻസിയുടെ അക്കൗണ്ടിലെത്തില്ല

ഇത്തരം തട്ടിപ്പുകൾക്ക് കുടപിടിക്കാതെ ടെലികോം കമ്പനികൾ അൽപ്പം കൂടി ധാർമികത കാട്ടിയാൽ ജനത്തിന് അതൊരാശ്വാസമാകും. തങ്ങളുടെ പ്ലാനുകൾ ദുരുപയോഗം ചെയ്യുന്ന ഏജൻസികളുടെ സിം കാർഡുകൾ കമ്പനികൾ നിർവീര്യമാക്കുകയെ വേണ്ടൂ ഇത്തരം തട്ടിപ്പുകൾ നിലയ്ക്കാൻ. . പക്ഷെ, സ്വന്തം ലാഭം കുറയ്ക്കുന്ന അത്തരമൊരു ശ്രമം ടെലികോം കമ്പനികളുടെ ഭാഗത്തു നിന്നുണ്ടാവുമെന്ന് പ്രതീക്ഷിക്കാമോ?

പൊലീസിന് ഇതിൽ ഒന്നും ചെയ്യാനികില്ലേ എന്നൊരു ചോദ്യമുണ്ട്. ഉണ്ട് എന്ന തന്നെയാണ് ഉത്തരം. ഇത്തരം ഏജൻസികൾ നമുക്ക് എന്തെങ്കിലും സർവീസ് ചെയ്തു തന്നാൽ മാത്രമേ മിനിട്ടിന് വലിയ സംഖ്യ ഈടാക്കാവൂ എന്നാണ് വ്യവസ്ഥ. അതും നമ്മുടെ സമ്മതത്തോടെ മാത്രം. ഇവിടെ പാട്ടു കേൾപ്പിക്കൽ ഒരു സർവീസ് ആണോ എന്നതും അതിന് നമ്മുടെ സമ്മതം ഏജൻസികൾ തേടിയിട്ടുണ്ടോ എന്നതും നിയമപരമായി പരിശോധിച്ച് അപാകതയുണ്ടെങ്കിൽ നടപടിയെടുക്കേണ്ടതാണ്. ഇന്ത്യയിൽ നിന്നാണ് ഇത്തരം കാളുകൾ വന്നതെങ്കിൽ ഇത്തരം നടപടികൾ സാദ്ധ്യവുമാണ്. ഇന്ത്യയിലെ പൊലീസിന്റെ ഇത്തരം നടപടികളിൽ നിന്ന് രക്ഷപ്പെടാനാണ് ഇത്തരം ഏജൻസികൾ വിദേശത്തു നിന്നും ഓപ്പറേറ്റ് ചെയ്ത് വിദേശ നമ്പറുകളിൽ നിന്ന് ഇന്ത്യയിലേക്ക് മിസ്ഡ് കാളുകളിടുന്നത്. എന്നാൽ, നമ്മുടെ പൊലീസിന് ഇന്റർപോളിനെ കൂട്ടുപിടിച്ച് ഇതിനെയൊക്കെ മറികടക്കാവുന്നതേയുള്ളൂ.

(ലേഖകൻ ഒരു സ്വതന്ത്ര സൈബർ ഫൊറൻസിക് വിദഗ്ദ്ധനും പല ലോകപ്രശസ്ത സൈബർഫൊറൻസിക് ജേർണലുകളുടെ റിവ്യൂവറുമാണ്.)

കവി ഹൃദയമുള്ള സ്വാമി

ഷീലാസുനിൽ

പാരമ്പര്യം കൊണ്ടും ആഭിജാത്യം കൊണ്ടും പ്രസിദ്ധമായിരുന്ന ചേർത്തല തണ്ണീർമുക്കം പോട്ടച്ചാണി വീട്ടിൽ കുട്ടിയുടെയും കൊച്ചു പാറുവിന്റെയും മകനായിട്ടാണ് ഗീതാനന്ദ സ്വാമികൾ ജനിച്ചത്. രാഘവൻ എന്നായിരുന്നു യഥാർത്ഥ പേര്. കുട്ടിക്കാലത്തു തന്നെ സംസ്കൃതത്തിലും വൈദ്യവൃത്തിയിലും ഉപസ്ഥിതി കരസ്ഥമാക്കിയ സ്വാമികൾ നൈസർഗികമായ വാസനയാൽ 21-ാം വയസിൽ സർവസംഗ പരിത്യാഗിയായി നാട്ടും വീട്ടും ഉപേക്ഷിച്ചു. പുണ്യക്ഷേത്രങ്ങളിലും ആശ്രമങ്ങളിലും മഹാപുരുഷൻമാരുടെ തിരുസന്നിധികളിലും ദർശനം ചെയ്ത് അദ്ധ്യാത്മവിത്തായി മാറിയ രാഘവൻ കാശിയിൽ വച്ച് കൃഷ്ണാനന്ദ സ്വാമിയിൽ നിന്ന് സന്യാസ ദീക്ഷ സ്വീകരിച്ച് സ്വാമി ഗീതാനന്ദയായി. തുടർന്ന് 1941 ൽ ശിവഗിരിയിൽ എത്തി അവിടത്തെ അന്തേവാസിയായി മാറി. ഇത് സ്വാമികളുടെ ജീവിതത്തിലെ വലിയ വഴിത്തിരിവായിരുന്നു. അവിടെ മഹാത്മാക്കളോടൊപ്പം ജീവിക്കാൻ സാധിച്ചതും അവരിൽ നിന്ന് ഗുരുദേവാപദാനങ്ങളെ ശ്രവിക്കാൻ സാധിച്ചതും തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്താണെന്ന് സ്വാമികൾ ഇടയ്ക്കിടെ പറയുമായിരുന്നു.

സ്വാമി ഗീതാനന്ദ

ശിവഗിരിയിലെ മഹാ സമാധി മന്ദിരം കാണിക്കയായി സമർപ്പിച്ച മൂത്തേടത്തിന്റെ പ്രചോദനമായി നിന്നത് ഗീതാനന്ദ സ്വാമികളാണ്. മഹാസമാധി മന്ദിരത്തിൽ പ്രതിഷ്ഠിക്കാനുള്ള ഗുരുദേവ പ്രതിമ കാശിയിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവന്നപ്പോൾ പ്രതിമാ പ്രയാണഘോഷയാത്ര നയിച്ചതും സ്വാമികളാണ്. ശിവഗിരിയിൽ ഇന്ന് കാണുന്ന ഓഫീസ് മന്ദിരം ഗസ്റ്റ് ഹൗസിന്റെ ഒന്നാം നില ശിവഗിരി മെഡിക്കൽ മിഷൻ ആശുപത്രി, സെൻട്രൽ സ്കൂൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും വികസനത്തിനും സ്വാമികളുടെ സംഭാവന വളരെ വലുതാണ്. അതുപോലെ ശ്രീനാരായണ ധർമ്മ പ്രചാരണ മാധ്യമമായി പ്രവർത്തിക്കുന്ന ഗുരുധർമ്മ പ്രചാരണ സഭയുടെ സ്ഥാപകാദ്ധ്യക്ഷനും ഗീതാനന്ദ സ്വാമികളാണ്.

കൃതഹസ്തനായ ഒരെഴുത്തുകാരൻ കൂടിയാണ് സ്വാമികൾ. 'കവി ഹൃദയമുള്ള സ്വാമി' എന്നാണ് എസ്.കെ. പൊറ്റക്കാട് സ്വാമികളെ വിശേഷിപ്പിച്ചത്. ഗുരുദേവൻ മാസികയുടെ ചീഫ് എഡിറ്ററായി സ്വാമികൾ നിർവഹിച്ച പ്രവർത്തനവും ഒരു സാഹിത്യ സപര്യയായിരുന്നു. ആത്മോപദേശകം, ദൈവദശകം എന്നീ ഗുരുദേവ കൃതികൾക്ക് സ്വാമികൾ വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. 1984ൽ റഷ്യയിൽ നടന്ന സർവമത സമ്മേളനത്തിൽ ശ്രീനാരായണ പ്രസ്ഥാനത്തിന്റെ പ്രതിനിധിയായി സംബന്ധിച്ചത് സ്വാമികളായിരുന്നു. 1979 മുതൽ 1985 വരെ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റായിരുന്നു.

അവിചാരിതമായ കാരണങ്ങളാൽ ഭക്തജനങ്ങളുടെ താൽപര്യപ്രകാരം ചാലക്കുടി. പുഴയുടെ തീരത്ത് 'ഗായത്രി ആശ്രമം' സ്ഥാപിച്ചു. ശ്രീനാരായണ ധർമ്മപ്രചാരണം തന്നെയായിരുന്നു മുഖ്യ ലക്ഷ്യം. ആശ്രമത്തോട് ചേർന്ന് അനാഥ മന്ദിരം, ആയുർവേദ സൗജന്യ ചികിത്സാ കേന്ദ്രം, ഗായത്രി ക്ഷേത്രം, ഗുരുമന്ദിരം, ഗ്രന്ഥശാല എന്നിവ സ്ഥാപിക്കുവാൻ സ്വാമികൾ ആഗ്രഹിച്ചിരുന്നെങ്കിലും വിധി അനുവദിച്ചില്ല. ഗായത്രി ആശ്രമം സ്ഥാപിച്ചതിന്റെ നാലാം വാർഷിക ദിനത്തിൽ സ്വാമികൾ സമാധി പ്രാപിച്ചു. അടുത്ത ദിവസം സ്വാമികളുടെ ഭൗതിക ശരീരം ചാലക്കുടി ഗായത്രി ആശ്രമത്തിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സമാധിയിൽ സ്ഥാപിച്ചു. തുടർന്ന് പത്തു ദിവസം പ്രാർത്ഥനകളും പത്താം ദിവസം യതിപൂജയും മോക്ഷ ദീപവും നടന്നു. ചടങ്ങുകളിൽ അഭൂതപൂർവമായ തിരക്കാണ് അനുഭവപ്പെട്ടത്. ബ്രഹ്മശ്രീ ഗീതാനന്ദ സ്വാമികളെ ശ്രീനാരായണ പ്രസ്ഥാനം എക്കാലവും സ്മരിക്കും എന്ന കാര്യത്തിൽ സംശയമില്ല

'കവി ഹൃദയമുള്ള സ്വാമി' എന്നാണ് എസ്.കെ. പൊറ്റക്കാട് സ്വാമികളെ വിശേഷിപ്പിച്ചത്. ഗുരുദേവൻ മാസികയുടെ ചീഫ് എഡിറ്ററായി സ്വാമികൾ നിർവഹിച്ച പ്രവർത്തനവും ഒരു സാഹിത്യ സപര്യയായിരുന്നു

കാട്ടുനീതി നടപ്പാക്കേണ്ട സ്ഥലമല്ല ആശുപത്രി മുറ്റങ്ങൾ

പ്രൊഫ.ഡോ.ബി.പ്രസന്നകുമാരി

കല്ലമ്പലത്തെ സ്വകാര്യ ആശുപത്രിയിൽ കുറേ നാൾ മുമ്പ് പ്രസവ ശസ്ത്രക്രിയയ്ക്കിടെ യുവതിയുടെ നില വഷളാവുകയും തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ കഴിയവെ അവർ മരണമടയുകയും ചെയ്തിരുന്നു. സംഭവം അത്യന്തം വേദനാജനകവും നിർഭാഗ്യകരവുമാണ്. എന്നാൽ ഇതിന്റെ പേരിൽ രോഗിയെ ചികിത്സിച്ച വനിതാ ഡോക്ടറെ വഴിയിൽ തടഞ്ഞ് ഭീഷണിപ്പെടുത്തുകയും വീഡിയോ സഹിതം സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും അസഭ്യം പറയുകയും ചെയ്ത നടപടി ഹീനമാണ്. ആശുപത്രിയിൽ 46000 രൂപയുടെ ബില്ലടച്ച ശേഷം 2000 രൂപകൂടി അടയ്ക്കാൻ വൈകിയതിന് വനിതാ ഡോക്ടർ രോഗിയെ മറ്റൊരാശുപത്രിയിലേക്ക് മാറ്റാൻ അനുവദിച്ചില്ലെന്നാണ് ആരോപണം. ഇത് തീർത്തും വാസ്തവവിരുദ്ധമാണെന്നാണ് മനസ്സിലാക്കാനായത്. കാരണം ആശുപത്രിയിൽ ബില്ലടയ്ക്കുന്നതുമായി ഡോക്ടർക്ക് യാതൊരു ബന്ധവുമില്ല. സിസേറിയൻ ശസ്ത്രക്രിയ കഴിഞ്ഞ് രോഗിക്ക് സാധാരണ നൽകുന്ന ആന്റിബയോട്ടിക് ഇൻജക്ഷൻ ടെസ്റ്റ് ഡോസ് എടുത്ത ശേഷമാണ് നൽകിയത്. ടെസ്റ്റ് ഡോസിൽ കുഴപ്പമുണ്ടായില്ലെങ്കിലും ഫുൾഡോസ് നൽകിയപ്പോൾ ബി.പി കുറഞ്ഞു. അത്യപൂർവമായി ഇങ്ങനെ സംഭവിക്കാറുണ്ട്. ഉടൻ തന്നെ അനസ്തറ്റിസ്റ്റ്, കാർഡിയോളജിസ്റ്റ്, ഗൈനക്കോളജിസ്റ്റ് എന്നിവരെത്തി ചികിത്സ നൽകി. എന്നാൽ വൈകിട്ട് ആറ് മണിയായിട്ടും രോഗിയുടെ ഹൃദയമിടിപ്പ് കൂടിനിന്നു. രക്തസമ്മർദ്ദം സാധാരണനിലയിലായിരുന്നു. കാർഡിയാക് അറസ്റ്റ് ഉണ്ടാകുകയോ രോഗി അബോധാവസ്ഥയിലാകുകയോ ചെയ്തില്ല. ഈ സാഹചര്യത്തിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി മറ്റൊരാശുപത്രിയിലേക്ക് കൊണ്ടുപോകാൻ പറയുകയായിരുന്നു. ആംബുലൻസിൽ ഡോക്ടറും നഴ്സും ഒപ്പമുണ്ടായിരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയവെയാണ് രോഗി മരിച്ചത്.

ആകസ്മികമായ മാതൃമരണങ്ങൾ ഉണ്ടാകുമ്പോൾ അമ്മയെയും കുഞ്ഞിനെയും സംരക്ഷിക്കാൻ രാപകൽ ഭേദമില്ലാതെ കഷ്ടപ്പെടുന്നവരാണ് ഗൈനകോളജിസ്റ്റുമാർ. രാത്രിയെന്നോ പകലെന്നോ ഇല്ലാതെ പ്രസവമുറിയിലും ആശുപത്രി വാർഡുകളിലുമായി ജീവിതം നിറഞ്ഞു നിൽക്കുമ്പോൾ ഓരോ ഗൈനക്കോളജിസ്റ്റിനും നഷ്ടമാകുന്ന ഒരു സ്വകാര്യ ജീവിതം ഉണ്ട്.

ഒരു ലക്ഷം പ്രസവം നടക്കുമ്പോൾ 46 ഓളം മാതൃമരണങ്ങൾ കേരളത്തിൽ സംഭവിക്കുന്നു. 2020 ഓടെ ഈ നിരക്ക് 30 ൽ എത്തിക്കുക എന്ന തീവ്രശ്രമത്തിലാണ് കേരളത്തിലെ ഗൈനക്കോളജിസ്റ്റുമാരുടെ സംഘടനയായ കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി (കെ.എഫ്.ഒ.ജി). വികസിത രാജ്യങ്ങളിൽ പോലും മാതൃമരണ നിരക്ക് പൂർണമായി ഒഴിവാക്കാനായിട്ടില്ലെന്ന കാര്യം വിസ്മരിക്കരുത്. ഇപ്പോൾത്തന്നെ ചെറിയ ആശുപത്രികളിൽ സേവനം നൽകാൻ പലപ്പോഴും ഗൈനക്കോളജിസ്റ്റിനെ ലഭിക്കാറില്ല. സ്ത്രീരോഗ ചികിത്സയിൽ വൈദഗ്ധ്യം നേടിയവരാകട്ടെ ഉപവിഭാഗങ്ങളായ വന്ധ്യത, ഫീറ്റൽ മെഡിസിൻ, ലാപ്രോസ്ക്കോപ്പി തുടങ്ങിയ മേഖലകളിൽ വ്യാപരിക്കാനാണ് ഇഷ്ടപ്പെടുന്നതും. കോർപ്പറേറ്റ് ആശുപത്രികളിൽ സുരക്ഷിത വലയങ്ങൾക്കുള്ളിൽ മാത്രം പ്രസവം എടുക്കാനാണ് യുവ ഡോക്ടർമാർക്ക് താത്പര്യം. ഒരിക്കലും നമുക്കവരെ കുറ്റം പറയാനാകില്ല.

സംസ്ഥാന ആരോഗ്യ വകുപ്പും ഗൈനക്കോളജിസ്റ്റുമാരുടെ സംഘടനയായ കെ.എഫ്.ഒ.ജിയും നടത്തുന്ന പ്രവർത്തനങ്ങളാണ് കേരളത്തിലെ മാതൃമരണനിരക്ക് ഒരു ലക്ഷം പ്രസവത്തിൽ 46 എന്നതിലേക്ക് എത്തിച്ചത്. ദേശീയ ശരാശരി 130 മാതൃ മരണങ്ങളാണ്

സംസ്ഥാന ആരോഗ്യവകുപ്പും ഗൈനക്കോളജിസ്റ്റുമാരുടെ സംഘടനയായ കെ.എഫ്.ഒ.ജിയും നടത്തുന്ന പ്രവർത്തനങ്ങളാണ് കേരളത്തിലെ മാതൃമരണ നിരക്ക് ഒരു ലക്ഷം പ്രസവത്തിൽ 46 എന്നതിലേക്ക് എത്തിച്ചത്. ദേശീയ ശരാശരി 130 മാതൃമരണങ്ങളാണ്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്കോടെ മുന്നിൽ നിൽക്കുന്നത് കേരളമാണെന്നതിൽ അഭിമാനമുണ്ട്. അസാം പോലെയുള്ള സംസ്ഥാനങ്ങളിലെ നിരക്ക് 237 ആണെന്നറിയുക. 2003 ൽ തുടങ്ങിയ Confidential review in to maternal death (CRMD) എന്ന ഉദ്യമത്തിലൂടെ കേരളത്തിലെ ഓരോ മാതൃ മരണവും മുടിനാരിഴ കീറി പരിശോധിച്ച് കാരണം കണ്ടെത്തുകയും, അവ ക്രോഡീകരിച്ച് പുസ്തകങ്ങളാക്കി കേരളത്തിലെ ഓരോ ഗൈനക്കോളജിസ്റ്റുമാരുടെയും കൈയ്യിലെത്തിക്കുകയും അവർക്കും ഒപ്പമുള്ള നഴ്സുമാർക്കും ഇതര ജീവനക്കാർക്കും തുടർപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ ഗൈനക്കോളജിസ്റ്റുമാർ തന്നെയാണ് ഈ നേട്ടത്തിന്റെ നെടുംതൂണുകൾ.

കല്ലമ്പലം സംഭവത്തിൽ ഡോക്ടർക്ക് പിഴവുകൾ ഉണ്ടായിട്ടുണ്ടോ എന്ന് വിശദമായി പരിശോധിക്കണം. അനാസ്ഥയുണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കാൻ ശക്തമായ നീതിന്യായ വ്യവസ്ഥിതിയുണ്ട്. അല്ലാതെ കാട്ടുനീതി നടപ്പാക്കേണ്ട അരങ്ങുകളല്ല ആശുപത്രി മുറ്റങ്ങൾ.

(കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി പ്രസിഡന്റാണ് ലേഖിക)